# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2019 ജൂൺ 11, ചൊവ്വ

**നമ്പർ 166**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തര പ്രമേയം :

പതിനേഴാം ലോകസഭാ ഇലക്ഷനിൽ വടകര ലോകസഭാ മണ്ഡലത്തിൽ സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിച്ച സി. ഒ. ടി. നസീറിനെ കൊലപ്പെടുത്താൻ ശ്രമിച്ചതുമൂലവും അന്വേഷണം അട്ടിമറിക്കാൻ ശ്രമിച്ചതുമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവെച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. പാറക്കൽ അബ്ദുല്ലയും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തര പ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപ്പോയി.

ശ്രദ്ധ ക്ഷണിക്കൽ:

1. സംസ്ഥാനത്ത് കാര്യക്ഷമമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. ജോൺ ഫെർണാണ്ടസ് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.
2. അതിരൂക്ഷമായ കടലാക്രമണം ഉണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് സംസ്ഥാനത്തെ തീരദേശവാസികളുടെ സുരക്ഷിതത്വത്തിനും സംരക്ഷണത്തിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. വി. എസ്. ശിവകുമാർ റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ :</u>

ചട്ടം 304 പ്രകാരം അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങൾ താഴെപ്പറയുന്നു:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | പെരിങ്ങോട്ടുകര പ്രദീപിന്റെ കൊലപാതകം | മുഖ്യമന്ത്രി |
| 2 | ശ്രീ. എസ്. രാജേന്ദ്രൻ | പ്രളയത്തിൽ സംഭവിച്ച നാശനഷ്ടങ്ങൾക്കുള്ള ധനസഹായം ലഭ്യമാക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 3 | ശ്രീ. ആർ. രാജേഷ് | ചാരുംമൂട് വില്ലേജ് രൂപീകരണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 4 | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | പട്ടികവർഗ്ഗ കോളനികളിലെ പകൽ വീട് പദ്ധതി | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 5 | ശ്രീമതി പി. അയിഷാ പോറ്റി | കൊട്ടാരക്കരയിൽ റൈസ് മിൽ സ്ഥാപിക്കുന്നത് | കൃഷിവകുപ്പുമന്ത്രി |
| 6 | ശ്രീ. എൽദോ എബ്രഹാം | സ്പെഷ്യൽ സ്കൂളുകൾക്കുള്ള പ്രത്യേക പാക്കേജ് | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 7 | ശ്രീ. ടി. വി. ഇബ്രാഹിം | ഭിന്നശേഷിക്കാർ അംഗങ്ങളായ കുടുംബങ്ങൾക്കുള്ള റേഷൻ കാർഡ് | ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ശ്രീ. കെ. ദാസൻ | കൊയിലാണ്ടി ഗവ. റീജിയണൽ ടെക്നിക്കൽ ഹൈസ്കൂളിന്റെ പ്രവർത്തനം | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |
| 9 | ശ്രീ.. സണ്ണി ജോസഫ് | ആറളം വന്യജീവി സങ്കേതത്തിലെ വന്യ ജീവികൾ ജനവാസ മേഖലയിൽ നാശ നഷ്ടങ്ങൾ വരുത്തിയത് | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |
| 10 | ശ്രീ. എ. പി. അനിൽ കുമാർ | വണ്ടൂരിലെ വോൾട്ടേജ് ക്ഷാമം | വൈദ്യുതി വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

ധനകാര്യം:

2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും നേരെ ധനാഭ്യർത്ഥനകളുടെ ലിസ്റ്റിലെ 5-ാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ള തുകകൾ അനുവദിക്കണമെന്ന പ്രമേയം യഥാക്രമം വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി ശ്രീ. ഇ. പി. ജയരാജനും വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. എം. എം. മണിയും അവതരിപ്പിച്ചു.

പ്രസ്തുത ധനാഭ്യർത്ഥനകളെ സംബന്ധിച്ച് ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് മേശപ്പുറത്തുവച്ചു.

XXXVII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 6, 8, 10, 11, 12, 14, 15, 16, 17, 18, 19, 22, 23, 24, 25, 30, 31, 32, 33, 34, 36, 37, 38, 40, 41, 42, 43, 45, 46, 47 എന്നീ ഖണ്ഡനോപക്ഷേപങ്ങളും XXXIX-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ച ഖണ്ഡനോപക്ഷേപങ്ങളുടെ ലിസ്റ്റിലെ 1, 2, 4, 7, 8, 11, 12, 13, 14, 15, 16, 17, 18, 19, 20, 21, 22, 24, 25, 29 എന്നീ ഖണ്ഡനോപക്ഷേപങ്ങളും അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. രാജു എബ്രഹാം

ശ്രീ. കെ. എസ്. ശബരീനാഥൻ

ശ്രീ. സി. ദിവാകരൻ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

ശ്രീ. പി. ഉണ്ണി

ഡോ. എൻ. ജയരാജ്

ശ്രീ. വി. കെ. സി.മമ്മത് കോയ

ശ്രീ. പി. സി. ജോർജ്

ശ്രീ. മുഹമ്മദ് മുഹസ്സിൻ പി.

ശ്രീ. പി. കെ. ശശി

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. എം. രാജഗോപാലൻ

ശ്രീ. പി. ടി. തോമസ്.

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജൻ, വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി എന്നിവർ മറുപടി പറഞ്ഞു. അവതരിപ്പിച്ചിരുന്ന ഖണ്ഡനോപക്ഷേപങ്ങൾ സഭ തള്ളി. തുടർന്ന് ധനാഭ്യർത്ഥനകൾ XXXVII, XXXIX എന്നിവ വോട്ടിനിട്ട് പാസ്സാക്കി.

2019 ജൂൺ 12-ാം തീയതി ബുധനാഴ്ച രാവിലെ 9-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 4.30-ന് സഭ പിരിഞ്ഞു.

സി. ജോസ്,

*സെക്രട്ടറി-ഇൻ-ചാർജ്.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

Fifteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Tuesday, June 11, 2019*

**No. 166**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Three Questions in the list of Questions posted for the day were answered orally.

*Adjournment Motion:*

After hearing the Chief Minister, the Speaker withheld consent to the moving of an adjournment motion given notice of by Shri Parakkal Abdulla and three other Members regarding the serious situation reported to have arisen to the consequent murder attempt of C.O.T.Nazeer, who was an independent candidate in Vadakara Loksabha Constituency for $17^{th}$ Loksabha Election and the reported attempts to sabotage the investigation.

In protest against the attitude of the Government in this matter the Members belonging to opposition staged a walkout.

*Calling Attention:*

1. Shri John Fernandez called the attention of the Minister for Local Self Governments to the necessity to set up efficient waste management mechanism in the State. The Minister made a statement thereto.
2. Shri V. S. Sivakumar called the attention of the Minister for Revenue and Housing to the necessity to take urgent steps for the safety and protection of the people living in the coastal areas of the state considering the probability of grave sea erosion. The Minister made a statement thereto.

KNPP. 646/2019(ii).

*The Matters under Rule 304 :*

The Matters raised in the House by Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. രമേശ് ചെന്നിത്തല | പെരിങ്ങോട്ടുകര പ്രഥിന്റെ കൊലപാതകം | മുഖ്യമന്ത്രി |
| 2 | ശ്രീ. എസ്. രാജേന്ദ്രൻ | പ്രളയത്തിൽ സംഭവിച്ച നാശനഷ്ടങ്ങൾക്കുള്ള ധനസഹായം ലഭ്യമാക്കുന്നത് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 3 | ശ്രീ. ആർ. രാജേഷ് | ചാരുംമൂട് വില്ലേജ് രൂപീകരണം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 4 | ശ്രീ. ഐ. സി. ബാലകൃഷ്ണൻ | പട്ടികവർഗ്ഗ കോളനികളിലെ പകൽ വീട് പദ്ധതി | ധനകാര്യവും കയറും വകുപ്പുമന്ത്രി |
| 5 | ശ്രീമതി പി. അയിഷാ പോറ്റി | കൊട്ടാരക്കരയിൽ റൈസ് മിൽ സ്ഥാപിക്കുന്നത് | കൃഷിവകുപ്പുമന്ത്രി |
| 6 | ശ്രീ. എൽദോ എബ്രഹാം | സ്പെഷ്യൽ സ്കൂളുകൾക്കുള്ള പ്രത്യേക പാക്കേജ് | ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി |
| 7 | ശ്രീ. ടി. വി. ഇബ്രാഹിം | ഭിന്നശേഷിക്കാർ അംഗങ്ങളായ കുടുംബങ്ങൾക്കുള്ള റേഷൻ കാർഡ് | ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ശ്രീ. കെ. ദാസൻ | കൊയിലാണ്ടി ഗവ. റീജിയണൽ ടെക്നിക്കൽ ഹൈസ്കൂളിന്റെ പ്രവർത്തനം | മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി |
| 9 | ശ്രീ. സണ്ണി ജോസഫ് | ആറളം വന്യജീവി സങ്കേതത്തിലെ വന്യ ജീവികൾ ജനവാസ മേഖലയിൽ നാശ നഷ്ടങ്ങൾ വരുത്തിയത് | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി |
| 10 | ശ്രീ. എ. പി. അനിൽ കുമാർ | വണ്ടൂരിലെ വോൾട്ടേജ് ക്ഷാമം | വൈദ്യുതി വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Financial Business:*

<u>Discussion and Voting on Demands for Grants in the Budget for the financial year 2019 -2020.</u>

Shri E. P. Jayarajan, Minister for Industries Sports and Youth Affairs moved Demand No. XXXVII - Industries and Shri M. M. Mani, Minister for Electricity moved Demand No. XXXIX - Power for the amounts shown against them under column no.5 in the list of Demands for Grants respectively.

DR. T. M. Thomas Isaac, the Minister for Finance and Coir laid on the table statements under Rule 236(3) with regard to these Demands.

The cut motion nos. 1, 6, 8, 10, 11, 12, 14, 15, 16, 17, 18, 19, 22, 23, 24, 25, 30, 31, 32, 33, 34, 36, 37, 38, 40, 41, 42, 43, 45, 46, 47 in the list of cut motions for Demand No. XXXVII and the cut motion nos. 1, 2, 4, 7, 8, 11, 12, 13, 14, 15, 16, 17, 18, 19, 20, 21, 22, 24, 25, 29 in the list of cut motions for Demand No. XXXIX were moved.

The following Members took part in the discussion:

Shri Raju Abraham

Shri K. S. Sabarinadhan

Shri C. Divakaran

Shri V. K. Ebrahim Kunju

Shri P. Unni

DR. N. Jayaraj

Shri V. K. C. Mammed Koya

Shri P. C. George

Shri Muhammed Muhassin P.

Shri P. K. Sasi

Shri Parakkal Abdulla

Shri M. Rajagopalan

Shri P. T. Thomas.

Shri E. P. Jayarajan, Minister for Industries, Sports and Youth Affairs and Shri M. M. Mani, Minister for Electricity replied to the points raised during the discussion. The cut motions were declared lost. Then the Demand No. XXXVII and XXXIX were put to vote and passed.

The House adjourned at 4.30 p.m. to meet again 9.00 a.m on Wednesday, June 12, 2019.

C. JOS,
*Secretary-in-Charge.*